اتّحاد الأولاد السنيّين لعموم كيرالا

# SAMASTHA KERALA SUNNI BALA VEDI

(Under:SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL)
സമസ്താലയം, ചേളാരി, പി.ഒ തേഞ്ഞിപ്പലം, പിൻ- 673 636, മലപ്പുറം, ഫോൺ : 8714608987
website : www.sksbvstate.com, Email: sksbvstate@gmail.com

SKSBV Circular No/06/2025-2026
04-07-2025

**സമസ്ത കേരള സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ , എസ്.കെ.എസ്.ബി.വി ജില്ല , റെയ്ഞ്ച്, മദ്റസ ഭാരവാഹികളെ അറിയിക്കുന്നത്**

**മാന്യരേ, السّلام عليكم**
**ക്ഷേമമായിരിക്കട്ടെ , അതിനായി പ്രാർത്ഥിക്കുന്നു. നമ്മുടെ സത് പ്രവർത്തനങ്ങൾ നാഥൻ സ്വീകരിക്കട്ടെ.- ആമീൻ**

## മുഅല്ലിം ഡേ - 25

ദീനീരംഗത്ത് നിസ്വാർത്ഥ സേവനം ചെയ്യുന്നവരാണ് നമ്മുടെ ഉസ്താദുമാർ. ദീൻ പ്രചരിപ്പിക്കുന്നതിൽ നമ്മുടെ ഉസ്താദുമാരുടെ പങ്ക് വിലമതിക്കാനാവാത്തതാണ്. സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ **13-07-2025 (ഞായർ)** മുഅല്ലിം ഡേ ആചരിക്കുകയാണ്. മുഅല്ലിം ഡേയിൽ പങ്ക് ചേരുന്നതിന്റെ ഭാഗമായി **SKSBV**യുടെ കീഴിൽ യൂണിറ്റ് തലങ്ങളിൽ താഴെ പറയുന്ന പരിപാടികൾ സംഘടിപ്പിക്കണമെന്ന് അറിയിക്കുന്നു.

### * ഗുരുമുഖത്ത്

- ➢ ജില്ലാ തലങ്ങളിൽ ജില്ലയിൽ നിന്നുള്ള സമസ്ത കേന്ദ്ര മുശാവറ മെമ്പർമാരായ ഉസ്താദുമാരെ സന്ദർശിച്ച് അഭിമുഖ രൂപത്തിൽ പ്രോഗ്രാം സംഘടിപ്പിക്കുക.
- ➢ യൂണിറ്റ്, റെയ്ഞ്ച്, മേഖലാ തലങ്ങളിലെ പ്രധാനികളായ ഉസ്താദുമാരെ സന്ദർശിച്ച് ദുആ ചെയ്യിപ്പിക്കുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്യുക.

### * പ്രബന്ധ രചനാ മത്സരം

**വിഷയം : "മത പഠനം മഹത്തരം"**

**മത്സര നിയമാവലികൾ**

**1.** 3 പേജിൽ കുറയാത്തതും 5 പേജിൽ കവിയാത്തതുമായ പ്രബന്ധങ്ങളാണ് പരിഗണിക്കേണ്ടത്.

**2.** 7,8,9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് മത്സരം. യൂണിറ്റ് തലങ്ങളിൽ ജൂലൈ 5 ന് പ്രബന്ധ വിഷയം കുട്ടികൾക്ക് നൽകുകയും ജൂലൈ 9ന് ഉസ്താദുമാർ പ്രബന്ധം സ്വീകരിക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന 1,2,3 സ്ഥാനക്കാർക്ക് മദ്റസയിലെ മുഅല്ലിം ഡേ പരിപാടിയിൽ വെച്ച് സമ്മാനം നൽകുകയും ചെയ്യേണ്ടതാണ്.

**3.** ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.

**4.** ഒന്നാം സ്ഥാനം ലഭിച്ച പ്രബന്ധങ്ങൾ താഴെ കൊടുത്ത മെയിലിലേക്ക് അയക്കേണ്ടതാണ്.

**sksbvstate@gmail.com**

**എന്ന്**
**ഹർഷാദ് കുറ്റിക്കടവ് (ഒപ്പ്)**
**ജനറൽ സെക്രട്ടറി**
**SKSBV സംസ്ഥാന കമ്മിറ്റി**

SAMASTHALAYAM CHELARI P.O THENHIPPALAM PIN :673 636 SKSBV

**ചേളാരി**
**04-07-2025**